**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5831** **16-03-2023 - ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് മണ്ഡലത്തിലെ സ്മാർട്ട് അംഗനവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തളിപ്പറമ്പ് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച സ്മാർട്ട് അംഗനവാടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | (എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ഇരിക്കൂർ ഐസിഡിഎസിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ 33-ാം നമ്പർ അങ്കണവാടിയ്ക്ക് സ്മാർട്ട് അങ്കണവാടിയുടെ 5 സെന്റ് പ്ലാൻ പ്രകാരം വകുപ്പ് വിഹിതമായി 20,00,000/- രൂപയും, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി 12,31,328/- രൂപയും ചേർത്ത് ആകെ 32,31,328/- (മുപ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തൊന്നായിരത്തി മുന്നൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സ്മാർട്ട് അംഗനവാടി ആക്കുന്നതിനായി നിലവിൽ പരിഗണനയിലുള്ള മണ്ഡലത്തിലെ അംഗനവാടികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | (ബി) സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ നിന്നും നിലവിൽ 2 പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ അടുത്ത സാമ്പത്തിക വർഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്. ടി അങ്കണവാടികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

| ക്രമ നം | ഐസിഡിഎസ് | പഞ്ചായത്ത് /മുനിസിപ്പാലിറ്റി | സെന്റർ നം |
|---|---|---|---|
| 1 | തളിപ്പറമ്പ് അഡീഷണൽ-1 | തളിപ്പറമ്പ് നഗരസഭ | 75 |
| 2 | ഇരിക്കൂർ | മയ്യിൽ ഗ്രാമപഞ്ചായത്ത് | 43 |

സെക്ഷൻ ഓഫീസർ